**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 939** **29-08-2022 - ൽ മറുപടിയ്ക്ക്**

**ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ഭൂസ്വത്തുക്കൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ദേവസ്വം ഭൂമികളുടെ ശരിയായ കണക്കിന്റെയും, അടിസ്ഥാന രേഖകളുടെയും അഭാവം മൂലം ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ഭൂസ്വത്തുക്കൾ പൂർണ്ണമായും അളന്നു തിട്ടപ്പെടുത്തി സംരക്ഷിക്കുന്നതിന് സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **ഉണ്ട്.**<br><br>തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള വസ്തുക്കൾ അളന്ന് തിട്ടപ്പെടുത്തുന്നതിനും അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിനും അന്യാധീനപ്പെട്ടവ തിരികെ ലഭ്യമാക്കുന്നതിനുമായി ബോർഡിന്റെ കീഴിൽ റവന്യൂ വകുപ്പിന്റെ സ്പെഷ്യൽ തഹസീൽദാരുടെ നേതൃത്വത്തിൽ ഭൂസംരക്ഷണ വിഭാഗം പ്രവർത്തിച്ചു വരുന്നു. Travancore Cochin Hindu Religious Institution (TCHRI) Act 1950, 1957-ലെ കേരള ഭൂസംരക്ഷണ ആക്ട് എന്നിവ പ്രകാരം കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഭൂസംരക്ഷണ വിഭാഗം ഏറ്റെടുത്ത് ഏൽപ്പിക്കുന്ന ഭൂമി അതിർത്തി കെട്ടി സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനവും നടന്നു വരുന്നു.<br><br>മലബാർ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിൽ ഭൂമിയോ മറ്റ് സ്വത്തു വകകളോ ഇല്ല. ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ള ഇളകുന്നതും ഇളകാത്തതുമായ മുഴുവൻ സ്ഥാവര ജംഗമ വസ്തുക്കളുടേയും വിവരങ്ങൾ ഓരോ ക്ഷേത്രഭരണാധികാരിയും പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെന്ന് നിയമത്തിൽ പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിൽ നിന്നും ഇക്കാര്യത്തിൽ പ്രത്യേക നിർദ്ദേശങ്ങളും ക്ഷേത്രങ്ങൾക്ക് നൽകിയിട്ടുണ്ട്. ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമി സംബന്ധിച്ച സർവെ 2007 ലാണ് അവസാനമായി നടന്നിട്ടുള്ളത്. ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയ്ക്ക് KLC ആക്ട് പ്രകാരമുള്ള പരിരക്ഷയുള്ളതിനാൽ, ക്ഷേത്രഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | നിയമപരമായ ബാധ്യത റവന്യൂ അധികാരികൾക്കും ഉണ്ട്. ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുണ്ടായിരുന്ന ഭൂമിയിൽ പട്ടയം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ ലാന്റ് ട്രിബ്യൂണലുകളിൽ ഫയൽ ചെയ്യപ്പെട്ടിട്ടുള്ള കേസുകളിൽ, ക്ഷേത്രങ്ങളുടെ ഉത്തമ താൽപര്യം സംരക്ഷിക്കുന്ന തരത്തിലുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതിനായി അഡ്വക്കേറ്റുമാരുടെ പാനൽ രൂപീകരിച്ച്, ബോർഡിന്റെ ഫണ്ട് ഉപയോഗിച്ച്, കേസ് നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br><br>ഗുരുവായൂർ ദേവസ്വത്തിന്റെ കൈവശമുള്ള ഭൂമി ഡിജിറ്റൽ സർവ്വെ നടത്തി തിട്ടപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>അനധികൃതമായി കൈയ്യേറിയ ക്ഷേത്ര ഭൂമി ഒഴിപ്പിച്ചെടുക്കുന്നതിന് കൊച്ചിൻ ദേവസ്വം ബോർഡിന് കേരള ലാന്റ് കൺസർവൻസി യൂണിറ്റ് നിലവിലുണ്ട്. ക്ഷേത്ര ഭൂമികൾ അളന്ന് തിട്ടപ്പെടുത്തി അതിർത്തി നിശ്ചയിച്ച് സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കൂടൽമാണിക്യം ദേവസ്വം ക്ഷേത്രത്തിന്റെയും കീഴേടങ്ങളിലേയും ഭൂമി സംബന്ധിച്ച രേഖകൾ കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനും തനത് കൈവശ രജിസ്റ്റർ പ്രകാരമുള്ള ഭൂമികൾ അളന്ന് തിട്ടപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് പരിഹാരനടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | **ഉണ്ട്.**<br><br>തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള വസ്തുക്കൾ അളന്ന് തിട്ടപ്പെടുത്തുന്നതിനും അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിനും അന്യാധീനപ്പെട്ടവ തിരികെ ലഭ്യമാക്കുന്നതിനുമായി ബോർഡിന്റെ കീഴിൽ റവന്യൂ വകുപ്പിന്റെ സ്പെഷ്യൽ തഹസീൽദാരുടെ നേതൃത്വത്തിൽ ഭൂസംരക്ഷണ വിഭാഗം പ്രവർത്തിച്ചു വരുന്നു. Travancore Cochin Hindu Religious Institution (TCHRI) Act 1950, 1957-ലെ കേരള ഭൂസംരക്ഷണ ആക്ട് എന്നിവ പ്രകാരം കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഭൂസംരക്ഷണ വിഭാഗം ഏറ്റെടുത്ത് ഏൽപ്പിക്കുന്ന ഭൂമി അതിർത്തി കെട്ടി സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനവും നടന്നു വരുന്നു.<br><br>മലബാർ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിൽ ഭൂമിയോ മറ്റ് സ്വത്തു വകകളോ ഇല്ല. ബോർഡിന്റെ |

| | | | |
|---|---|---|---|
| | | | കീഴിലുള്ള ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ള ഇളകുന്നതും ഇളകാത്തതുമായ മുഴുവൻ സ്ഥാവര ജംഗമ വസ്തുക്കളുടേയും വിവരങ്ങൾ ഓരോ ക്ഷേത്രഭരണാധികാരിയും പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെന്ന് നിയമത്തിൽ പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിൽ നിന്നും ഇക്കാര്യത്തിൽ പ്രത്യേക നിർദ്ദേശങ്ങളും ക്ഷേത്രങ്ങൾക്ക് നൽകിയിട്ടുണ്ട്. ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമി സംബന്ധിച്ച സർവെ 2007 ലാണ് അവസാനമായി നടന്നിട്ടുള്ളത്. ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയ്ക്ക് KLC ആക്ട് പ്രകാരമുള്ള പരിരക്ഷയുള്ളതിനാൽ, ക്ഷേത്രഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നിയമപരമായ ബാധ്യത റവന്യൂ അധികാരികൾക്കും ഉണ്ട്. ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുണ്ടായിരുന്ന ഭൂമിയിൽ പട്ടയം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ ലാന്റ് ട്രിബ്യൂണലുകളിൽ ഫയൽ ചെയ്യപ്പെട്ടിട്ടുള്ള കേസുകളിൽ, ക്ഷേത്രങ്ങളുടെ ഉത്തമ താൽപര്യം സംരക്ഷിക്കുന്ന തരത്തിലുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതിനായി അഡ്വക്കേറ്റുമാരുടെ പാനൽ രൂപീകരിച്ച്, ബോർഡിന്റെ ഫണ്ട് ഉപയോഗിച്ച്, കേസ് നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br><br>ഗുരുവായൂർ ദേവസ്വത്തിന്റെ കൈവശമുള്ള ഭൂമി ഡിജിറ്റൽ സർവ്വെ നടത്തി തിട്ടപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>അനധികൃതമായി കൈയ്യേറിയ ക്ഷേത്ര ഭൂമി ഒഴിപ്പിച്ചെടുക്കുന്നതിന് കൊച്ചിൻ ദേവസ്വം ബോർഡിന് കേരള ലാന്റ് കൺസർവൻസി യൂണിറ്റ് നിലവിലുണ്ട്. ക്ഷേത്ര ഭൂമികൾ അളന്ന് തിട്ടപ്പെടുത്തി അതിർത്തി നിശ്ചയിച്ച് സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കൂടൽമാണിക്യം ദേവസ്വം ക്ഷേത്രത്തിന്റെയും കീഴേടങ്ങളിലേയും ഭൂമി സംബന്ധിച്ച രേഖകൾ കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനും തനത് കൈവശ രജിസ്റ്റർ പ്രകാരമുള്ള ഭൂമികൾ അളന്ന് തിട്ടപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ